ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിലെ ലാസ്കർ മാരുടെ ശമ്പളം ൫ ൦ രൂപയിൽ കവിയുമെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പറഞ്ഞതിൽ നിന്നും തന്നെ ആ അറിവു കിട്ടുന്നുണ്ടല്ലോ.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : അങ്ങനെയുള്ള ക്രമക്കേട് തീർക്കാൻ താവമെന്തു് ആലോചിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ക്രമക്കേടാണെന്നു തോന്നിയാൽ അതിനെപ്പറ്റി ആലോചിക്കാം.

സാഹിബ്ബു് ബഹദൂർ കെ. എ. മുഹമ്മദു് : ഈ ൫,൪൦൦ രൂപയ്ക്കുമേൽ ശമ്പളം കൊടുക്കുന്നതു് ഏതുദ്യോഗസ്ഥന്മാർക്കാണു് ?

ശ്രീ. ടി. കെ. നാരായണപിള്ള : കവനൻറ് ആഫീസർമാരായി നിയമിച്ചിട്ടുള്ളവർക്കാണു് അങ്ങനെ കൂടുതൽ ശമ്പളം കൊടുക്കുന്നതു്.

പബ്ലിക്കു് സർവ്വീസു് നിയമനങ്ങൾ

*൭൦൦. (൨൯) സാഹിബ്ബു് ബഹദൂർ വി. ചെല്ലാടിറാവുത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പബ്ലിക്കു് സർവ്വീസു് നിയമനങ്ങൾക്കുവേണ്ടി പേരു റജിസ്റ്റർചെയ്തിട്ടുള്ളവർക്കു തക്കകാലങ്ങളിൽ ഉദ്യോഗം ലഭിക്കാതെ എക്സ്ചേഞ്ച് കഴിഞ്ഞുപോയവരുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കൊച്ചിയിലെത്ര, തിരുവിതാംകൂറിലെത്ര ?

ശ്രീ. ടി. കെ. നാരായണപിള്ള : (എ) & (ബി) ഈ ചോദ്യങ്ങൾക്കു് ഉത്തരം തയാറാക്കുന്നതിനു് ആവശ്യമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു വിനിയോഗിക്കേണ്ട സമയവും അദ്ധ്വാനവും അതിൽനിന്നുളവാകുന്ന ഫലത്തിനു് അനുയോജ്യമായിരിക്കയില്ലെന്നു കരുതേണ്ടിയിരിക്കുന്നു.

പിന്നോക്കസമുദായ ഉദ്യോഗസ്ഥന്മാർ

* ൭൦൧. (൨൰) ശ്രീ. ടി. വി. തേവൻ :† താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

വ്യയസങ്കോചനാർത്ഥം പിരിച്ചുവിടുന്ന ഉദ്യോഗസ്ഥന്മാരിൽ പിന്നോക്കസമുദായത്തിലുള്ളവർ ഉൾപ്പെടുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഈ കാര്യം താവമ്മെന്തിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ഹിന്ദുക്കളായ പിന്നോക്കസമുദായക്കാർ

* ൭൦൨. (൨൱) ശ്രീ. ടി. വി. തേവൻ :† താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട അവശേസമുദായസംരക്ഷണമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഹിന്ദുക്കളായ പിന്നോക്കസമുദായക്കാക്കു് ഈ വർഷം അനുവദിച്ചിരുന്ന തുകയിൽനിന്നും വേറെ ആക്കെങ്കിലും ധനസഹായംചെയ്തിട്ടുണ്ടോയെന്നു ദയവായി പറയാമോ ;

(ബി) ഉണ്ടെങ്കിൽ അതു് ഏതു ന്യായത്തിലാണു് കൊടുത്തതെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ഹിന്ദുക്കളായ പിന്നോക്കസമുദായക്കാക്കു മാത്രമായി യാതൊരു തുകയും അനുവദിച്ചിട്ടില്ല. ആ നിലയിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ബി) മേൽ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

HIGH COURT STAFF

***703.** [20] **Sri]. K. P. Nilakanta Pillai :** Will the Hon'ble Chief Justice be pleased to state:—

†The answer to this question was laid on the table, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly

(*a*) whether any of the High Court staff are given City or Town allowance ; if so who are they ;

(*b*) whether any Government servants of the State transferred or posted to Travancore from Cochin part of the State are given City allowance, and if so who are they ;

(*c*) whether Travancoreans of the High Court staff whether at Ernakulam and Trivandrum are given City allowance ; and

(*d*) what is the rate of City allowance given ?

Sri. T. K. Narayana Pillai :

(*a*) Yes. The staff of the erstwhile Cochin High Court who where drafted to the Union High Court.

(*b*) Such of the employees of the erstwhile Cochin Government who were in receipt of town allowance before integration are drawing the allowance.

(*c*) No.

(*d*) 15 per cent of the pay.

Sri. K. P. Nilakanta Pillai : With reference to the answer to part (*c*), Sir, I want to put a question. Is it not injustice, Sir, when the Cochin servants are getting City allowance at Trivandrum, the Travancore Staff is not getting City allowance at Ernakulam?

ശ്രീ. ടി. കെ. നാരായണപിള്ള: ഇക്കാര്യത്തിൽ ശമ്പളത്തിനും വളരെ വ്യത്യാസമുണ്ട്. എന്നുമാത്രമല്ല ടെമ്പൺ അലവൻസും ഇൻക്രിമെന്റും മുമ്പും കൊച്ചിയിൽ കൊടുത്തുകൊണ്ടിരിക്കുന്നതാണ്. ആ പതിവനുസരിച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്.

Sri. K. P. Nilakanta Pillai : Therefore does the Government think that under the present circumstances those who are posted at Ernakulam also deserve city allowance ?

Sri. T. K. Narayana Pillai: Government does not think so at present. But Government proposes to standardize the pay of officers and when the standardization is over there may not be any necessity of the continuance of the town allowance. But Government will seriously think of extending the allowance to Ernakulam.

Sri. C. V. Iyyu: Is Government aware that in the case of dearness allowance, the percentage in Travancore is higher than that in Cochin?

Sri. T. K. Narayana Pillai: Dearness allowance rate also is different.

Sri. A. Nesamony: May I know whether any member of the staff of the High Court has applied for town allowance?

Sri. T. K. Narayana Pillai : There was an application. That application was rejected.

ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ.

* ൭൦൪. (ന ഛ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവണ്മെണ്ട് വളരെ കർശനമായ നടപടികൾ എടുത്തിട്ടും, പല ഉദ്യോഗസ്ഥന്മാരും ഇനിയും കൈക്കൂലിക്കും അഴിമതിക്കും വഴിപ്പെടുന്ന സംഗതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എന്നുമുതലാണ് അഴിമതിനിരോധന ബിൽ നടപ്പിലാക്കുവാൻ പോകുന്നത് ;

(സി) അഴിമതിനിരോധന കമ്മീഷൻ നിയമിക്കപ്പെട്ടുകയുണ്ടായോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്; എന്നേയ്ക്ക് ഈ കമ്മീഷൻ നിയമിക്കപ്പെടും?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ല.

(ബി) ബിൽ അസംബ്ലിയിൽ പാസ്സായതിനുശേഷം.

(സി) ഇല്ല.

(ഡി) ബിൽ നടപ്പിൽ വരാത്തതുകൊണ്ട്. ബിൽ നടപ്പിൽ വരുമ്പോൾ കമ്മീഷൻ നിയമിക്കപ്പെടും.

ശ്രീ. അലക്സാണ്ടർ വാകയിൽ: കൈക്കൂലി വാങ്ങുന്നതായി അറിവില്ലെന്നു പറയുന്നു. എന്നാൽ കൈക്കൂലി വാങ്ങുന്നു എന്നാണ് കേൾവി.

ശ്രീ. ടി. കെ. നാരായണപിള്ള: കേൾവി പലതും കാണും.

ശ്രീ. അലക്സാണ്ടർ വാകയിൽ: കൈക്കൂലി വാങ്ങി എന്നുള്ള പരാതി ഗവണ്മെണ്ടിനു കിട്ടിയിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly